**കേരള കാർഷിക സർവ്വകലാശാല**

നാളികേര ഗവേഷണ കേന്ദ്രം
കട്ടച്ചൽക്കുഴി, ബാലരാമപുരം

നമ്പർ: ബി.1161/2023

തീയതി : 04/10/2023

**ക്വട്ടേഷൻ നോട്ടീസ്**

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിൽ റിവോൾവിംഗ് ഫണ്ട്/സ്റ്റേറ്റ് പ്ളാൻ പ്രോജക്ടിന്റെ ഭാഗമായി സങ്കരയിനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി പോളിനേഷൻ പണികൾക്കായി തെങ്ങുകയറ്റത്തിൽ പരിചയസമ്പന്നരായ തെങ്ങ് കയറ്റക്കാരെ കരാർ വ്യവസ്ഥയിൽ നൽകുന്നതിന് താല്പര്യമുള്ള കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. 7 – 10 പേരെ പണികൾക്കായി കരാറുകാരൻ നൽകേണ്ടതാണ്. ക്വട്ടേഷനിൽ ഒരാളുടെ ഒരു ദിവസത്തെ കൂലി രേഖപ്പെടുത്തിയിരിക്കണം.

**പണികളുടെ വിവരം:**

1. നവംബർ 2023 മുതൽ മേയ് 2024 വരെ തെരഞ്ഞെടുത്ത തെങ്ങുകളിൽ പോളിനേഷൻ പണി ചെയ്യേണ്ടതാണ്.
2. ഈ കാലയളവിൽ ഉണ്ടാകുന്ന എല്ലാ പൂങ്കുലകളിലും പോളിനേഷൻ നടത്തേണ്ടതാണ്. കൂടാതെ പാകമായ വിത്തുതേങ്ങകൾ കെട്ടിയിറക്കുകയും, സംഭരിക്കുകയും തരം തിരിച്ച് വിത്തു തേങ്ങ പാകുകയും മാതൃവൃക്ഷങ്ങളുടെ ആരോഗ്യപരിപാലനമുറകൾ, രോഗകീട നിയന്ത്രണം എന്നിവ നടത്തുകയും ചെയ്യേണ്ടതാണ്.
3. ഈ കാലയളവിനുള്ളിൽ ഒരാൾ കുറഞ്ഞത് 60 – 65 തെങ്ങുകളിൽ പോളിനേഷനും അനുബന്ധ പണികളും ചെയ്യേണ്ടതാണ്.
4. ഓരോ തെങ്ങിന്റെയും വിവരങ്ങൾ നമ്പരിട്ട് നോട്ട് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.
5. രാവിലെ 6.00 ന് പോളിനേഷൻ പണികൾ തുടങ്ങണം.

ക്വട്ടേഷൻ കവറിനുപുറത്ത് **"പോളിനേഷൻ പണിക്കുള്ള കരാർ നൽകുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തി പ്രൊഫസർ ആന്റ് ഹെഡ്, നാളികേര ഗവേഷണ കേന്ദ്രം, കട്ടച്ചൽക്കുഴി പി. ഒ., ബാലരാമപുരം എന്ന വിലാസത്തിൽ **26/10/2023** തീയതി **2.30** മണിക്ക് മുൻപായി ഓഫീസിൽ ലഭിക്കേണ്ടതാണ്.

ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം **3** മണിക്ക് തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന കരാറുകാരന്റെ പേരിൽ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ഏതെങ്കിലും ക്വട്ടേഷൻ കാരണം കാണിക്കാതെ തന്നെ നിരസിക്കുവാനുള്ള അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്. കരാർ ലഭിക്കുന്ന കരാറുകാരൻ **200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ** ഈ കേന്ദ്രത്തിൽ നിന്നും നൽകുന്ന കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി കരാർപത്രം ഒപ്പിട്ടു നൽകേണ്ടതാണ്.

ഈ ക്വട്ടേഷൻ നോട്ടീസ് പ്രകാരം കരാർ അടിസ്ഥാനത്തിൽ തെങ്ങുകയറ്റക്കാരെ നൽകുന്നതിനുള്ള കാലാവധി ഒരു വർഷമായിരിക്കും.

*(തുടർച്ച......2)*

ഈ കാലാവധി ദീർഘിപ്പിച്ചു തരുന്നതിനും നോട്ടീസ് നൽകാതെ തന്നെ കാലാവധി ചുരുക്കി കരാർ അവസാനിപ്പിക്കുന്നതിനുമുള്ള അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

കരാർ പ്രകാരം പണിക്കു നിയോഗിക്കപ്പെടുന്ന തെങ്ങ് കയറ്റക്കാരും കരാറുകാരനും ഈ കേന്ദ്രത്തിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾക്കോ അവകാശങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.

എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ഒപ്പ്/-

**പ്രൊഫസർ ആന്റ് ഹെഡ്**

<u>*പകർപ്പ്:*</u>

1. അസിസ്റ്റന്റ് പ്രൊഫസർ & ഫാം-ഇൻ-ചാർജ്ജ്
2. ഫാം മാനേജർ, ഗ്രേഡ് - I
3. നോട്ടീസ് ബോർഡ് - നാളികേര ഗവേഷണകേന്ദ്രം, ബാലരാമപുരം
4. കോട്ടുകാൽ പഞ്ചായത്ത് - നോട്ടീസ് ബോർഡ്
5. വെങ്ങാനൂർ പഞ്ചായത്ത് - നോട്ടീസ് ബോർഡ്
6. കരുതൽ ശേഖരം